പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2150 18.12.2012 ൽ മറുപടിയ്ക്ക്

അതിരപ്പിള്ളി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.കെ. ബാലൻ,<br>ശ്രീ. ബി.ഡി. ദേവസ്സി,<br>ശ്രീ. എസ്. ശർമ്മ,<br>ശ്രീ. എസ്. രാജേന്ദ്രൻ. | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പ മന്ത്രി) |
| (എ) ഗാഡ്ഗിൽ കമ്മിറ്റി അനുമതി നിഷേധിച്ച കർണ്ണാടകത്തിലെ ഗുഡിയ ജലവൈദ്യുതി പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഗാഡ്ഗിൽ കമ്മിറ്റി അനുമതി നിഷേധിച്ച കർണ്ണാടകത്തിലെ ഗുഡിയ ജലവൈദ്യുത പദ്ധതിയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിലെ വിദഗ്ധ സമിതി പാരിസ്ഥിതിക അനുമതി നൽകാൻ ശുപാർശ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മൂന്നു തവണ കേന്ദ്ര പരിസ്ഥിതി അനുമതി ലഭിച്ച അതിരപ്പിള്ളി പദ്ധതിയ്ക്ക് എതിരായി ഗാഡ്ഗിൽ കമ്മിറ്റി എടുത്ത തീരുമാനം ഗുഡിയ പദ്ധതിയ്ക്ക് അനുമതി നല്കിയ പശ്ചാത്തലത്തിൽ പുനഃപരിശോധിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) മൂന്ന് തവണ കേന്ദ്ര പരിസ്ഥിതി അനുമതി ലഭിച്ച അതിരപ്പിള്ളി പദ്ധതിയ്ക്ക് എതിരായി ഗാഡ്ഗിൽ കമ്മിറ്റി എടുത്ത തീരുമാനം ഗുഡിയ പദ്ധതിയ്ക്ക് അനുമതി നല്കിയ പശ്ചാത്തലത്തിൽ പുനഃ പരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട് . ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയ്ക്കും കേന്ദ്ര വന-പരിസ്ഥിതി മന്ത്രിയ്ക്കും നിവേദനം നൽകിയിട്ടുണ്ട്. |
| (സി) ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | (സി) ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകൾ ഭൂരിഭാഗവും സംസ്ഥാനത്തിന്റെ വികസന പദ്ധതികളെയും കാർഷിക രംഗത്തെയും ദോഷകരമായി ബാധിക്കുമെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കരുതെന്നും റിപ്പോർട്ടിനോടുള്ള സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. |

(...2)

| | | | |
|---|---|---|---|
| (ഡി) | ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വൈദ്യുതി പദ്ധതികളെ ബാധിക്കുമോ; | (ഡി) | ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശ പ്രകാരം 50 വർഷത്തിന്മേൽ കാലപ്പഴക്കം വന്ന ഡാമുകൾ ഘട്ടം ഘട്ടമായി ഡീകമ്മീഷൻ ചെയ്യണം എന്ന വ്യവസ്ഥ പാലിക്കപ്പെട്ടാൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജല വൈദ്യുത പദ്ധതികളെ ബാധിക്കും. |
| (ഇ) | ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകൾ സംസ്ഥാനത്തിന് ദോഷകരമായി ബാധിക്കുമെന്ന് കേന്ദ്ര സർക്കാർ പുതിയതായി നിയോഗിച്ച ഡോ. കസ്തൂരിരംഗൻ കമ്മിറ്റിക്കു മുമ്പാകെ (ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകൾ പരിശോധിക്കാൻ രൂപം കൊടുത്ത സമിതി) ശക്തമായി രേഖപ്പെടുത്തുകയും ഗ്രീൻ ട്രൈബ്യൂണൽ മുമ്പാകെ പരിഗണനയിലിരിക്കുന്ന കേസിൽ സംസ്ഥാന സർക്കാരിന്റെ ഗാഡ്ഗിൽ കമ്മിറ്റി ശുപാർശയിന്മേലുള്ള വാദമുഖങ്ങൾ ശക്തമായി ഉന്നയിച്ചിട്ടുമുണ്ട്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ, സംസ്ഥാനത്തിന് ദോഷകരമായ വ്യവസ്ഥകൾ ഒരു കാരണവശാലും നടപ്പാക്കാൻ കഴിയില്ലെന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**